# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1667 — 04.12.2018-ൽ മറുപടിയ്ക്ക്.

### ഭിന്നശേഷിക്കാർക്കായി നീക്കി വച്ചിട്ടുള്ള തുക

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും ഭിന്നശേഷിക്കാർക്കായി എത്ര ശതമാനം തുക നീക്കി വച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി , റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനത്തിൽ കുറയാത്ത തുക കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ ക്ഷേമത്തിനായി നീക്കി വച്ചിട്ടുണ്ട്. |
| (ബി) | എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ തുക കൃത്യമായി ചെലവഴിക്കുന്നു എന്ന കാര്യം ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) | 29.01.2018 ലെ സ.ഉ (കൈ) നം. 11/2018/തസ്വഭവ പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ധനസഹായങ്ങൾക്കുള്ള തുക പൂർണ്ണമായും വകയിരുത്തുന്നതിനും അവ യഥാവിധി നൽകുന്നതിനുമുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ടി തുക കൃത്യമായി ചെലവഴിക്കപ്പെടുന്നുണ്ടെന്ന് സംസ്ഥാന ജില്ലാതല അവലോകന യോഗങ്ങൾ നടത്തി ഉറപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ തുക കൃത്യമായി ചെലവഴിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (സി) | നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാന, ജില്ലാതല അവലോകന യോഗങ്ങളിൽ ആയതിലേയ്ക്കായി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിനായി ഓരോ വർഷവും ഗ്രാമസഭയിൽ പോയി അപേക്ഷ സമർപ്പിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കി ഇവരെ സംബന്ധിക്കുന്ന കൃത്യമായ രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നതിനും ഗവൺമെന്റ് ഉത്തരവിൻ പ്രകാരമുള്ള സ്കോളർഷിപ്പ് നൽകുന്നതിനായി ആവശ്യമായ ഫണ്ട് ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് പ്രോജക്ടിൽ ഉൾപ്പെടുത്തി ഓരോ വർഷവും കൃത്യമായി നൽകുന്നതിനും വേണ്ട നടപടികൾ അടിയന്തരമായി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ